**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 349** **10-06-2024 - ൽ മറുപടിയ്ക്ക്**

**മൊബൈൽ ഫോണിന്റെ അമിത ഉപയോഗം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഒ എസ് അംബിക | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് മൊബൈൽ ഫോണിന്റെ അമിത ഉപയോഗം കാരണം കുട്ടികളിൽ ഉണ്ടാകുന്ന പ്രശ്നങ്ങൾക്ക് പരിഹാരമായി സ്പീച്ച് തെറാപ്പി, കൗൺസിലിംഗ് മുതലായവ തദ്ദേശ സ്വയംഭരണ വകുപ്പ് നടപ്പിലാക്കുന്നുണ്ടോ; എല്ലാ പഞ്ചായത്തുകളിലും പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ? | (എ) | ബഡ്സ് റീഹാബിലിറ്റേഷൻ ആന്റ് ഫെസിലിറ്റേഷൻ സെന്ററുകളിലൂടെ അംഗനവാടികളിലും ലോവർ പ്രൈമറി സ്കൂളുകളിലും പഠിക്കുന്ന കുട്ടികളിലെ സംസാര വൈകല്യം ഉൾപ്പെടെയുള്ള മറ്റ് വ്യത്യസ്ത വൈകല്യങ്ങൾ ബാല്യകാലത്തിൽ തന്നെ തിരിച്ചറിഞ്ഞ് ആവശ്യമായ ചികിത്സ നൽകുന്നതിനായി സ്പീച്ച് ബിഹേവിയർ ആന്റ് ഒക്കുപേഷണൽ തെറാപ്പി നൽകാൻ കഴിയുന്ന സ്പെഷ്യലിസ്റ്റുകളുടെ സേവനം മാസത്തിൽ കുറഞ്ഞത് രണ്ടുതവണയെങ്കിലും ലഭ്യമാക്കുന്നതിന് സ.ഉ.(കൈ) നം.115/2022/തസ്വഭവ; തീയതി 28.05.2022 പ്രകാരം ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും അനുവാദം നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പ്രാദേശിക സാഹചര്യങ്ങൾ പരിഗണിച്ച് തദ്ദേശ ഭരണ സ്ഥാപനങ്ങൾ പദ്ധതി ഏറ്റെടുത്തു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ